MR. PADIYARA JOSEPH KUNJU : സർ, എന്റെ മുൻഗാമികളായ പ്രാസംഗികന്മാരിൽ പലരും എനിക്കു പറയാനുണ്ടായിരുന്നതെല്ലാം പറഞ്ഞുകഴിഞ്ഞു. എനിക്കു് അവരോടു് അസൂയപോലും തോന്നുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

രാമയ്യൻ ദളവായുടെ സ്വാമിഭക്തിയും ത്യാഗബുദ്ധിയും, വേലുത്തമ്പിദളവായുടെ ദേശാഭിമാനവും ധീരതയും, രാജാ കേശവദാസന്റെ വ്യവസായോന്നമനാകാംക്ഷയും നിരീക്ഷണപടുത്വവും മി. ശങ്കരസുബ്ബയ്യരുടെ രാജ്യസ്നേഹവും നീതിനിഷ്ഠയും, സർ. ടി. മാധവറാവുവിന്റെ പരിഷ്കാരേച്ഛയും കർമ്മകുശലതയും, മി. വി. പി. മാധവറാവുവിന്റെ ദീർഘദൃഷ്ടിയും പ്രജാക്ഷേമൈകകാംക്ഷയും, സർ. പി. രാജഗോപാലചാരിയുടെ നയതന്ത്രോപായങ്ങളും ഭരണവൈദഗ്ദ്ധ്യവും, സർ. എം. കൃഷ്ണൻനായരുടെ വിനീതമായ പെരുമാറ്റവും മര്യാദയും, ദിവാൻ ബഹദൂർ രാഘവയ്യായുടെ കർത്തവ്യാനുഷ്ഠാനനിരതയും ആർഭാടരാഹിത്യവും, മി. വാട്സിന്റെ തന്റേടവും സമദർശിത്വവും ഒത്തുചേർന്ന ആരിൽ പരിലസിക്കുന്നുവോ, ഏതൊരു മഹാനിൽ മൂർത്തീകരിച്ചിരിക്കുന്നുവോ, ആ സചിവോത്തമനാണ് താൽക്കാലികമായിട്ടെങ്കിലും താമസംവിനാ തിരുവിതാംകൂറിനോട് യാത്രപറയുന്നത്. സർ, അങ്ങയുടെ അപദാനങ്ങളെല്ലാം കീർത്തിക്കുകയെന്ന ഉദ്യമം ആർക്കും അശക്യമാണ്. അതിന് ഞാൻ ഉദ്യമിക്കുന്നില്ല. ഉദ്യമിക്കുന്നതിനു ഞാൻ ആളുമല്ല. സാഹചര്യങ്ങൾ മഹാന്മാരെ സൃഷ്ടിക്കുന്നുവെന്നും, അതല്ല സാഹചര്യങ്ങൾ മഹാന്മാക്കു സ്വയമേവ സംസിദ്ധമാകുമെന്നും ഇല്ലെങ്കിൽ അവർ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊള്ളുമെന്നും ഇത്യാദി വിഭിന്നമതങ്ങൾ ഉണ്ട്. എന്നാൽ ഈ മഹാനെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം അനവദ്യങ്ങളാണ്; ശരിയാണ്: അനുകൂലങ്ങളായ സാഹചര്യങ്ങളിൽ ഇദ്ദേഹം ജനിച്ചുവളർന്നു. ലഭ്യമായ സാഹചര്യങ്ങളെ ഒരിക്കലും അദ്ദേഹം പാഴാക്കിയിട്ടുമില്ല. നവംനവങ്ങളായ സാഹചര്യങ്ങൾ അദ്ദേഹം സൃഷ്ടിക്കുകയും ചെയ്തു. അനന്തരം ജന്മിസ്ഥാനത്തേക്കുയർത്തപ്പെട്ട പ്രസിദ്ധ അഭിഭാഷകനും പരോപകാരതൽപരനും പരമസാത്വികനുമായിരുന്ന ബ്രഹ്മശ്രീ പട്ടാഭിരാമയ്യരുടെ ഏക അരുമസന്താനമായി ജനിച്ചു, അദ്ദേഹത്തിന്റെ പ്രത്യേക മേൽനോട്ടത്തിലും പരിരക്ഷണയിലും വളർന്നുവന്ന ഇദ്ദേഹം ചേർന്നിട്ടുള്ള പരീക്ഷകളിലെല്ലാംതന്നെ അഗ്രിമസ്ഥാനം കൈയ്ക്കലാക്കി മദ്രാസ ബാറിലെ ഒരു അഭിഭാഷകനാകുകയും ഏതാനും മാസങ്ങൾക്കുള്ളിൽ അവടത്തെ അഭിഭാഷകപ്രമാണികളിൽ അഗ്രേസരനായിത്തീരുകയും ചെയ്തു. അഭിഭാഷകവൃത്തികൊണ്ട് മാത്രം സംതൃപ്തനാകാതെ സെനറ്റ് മെമ്പർസ്ഥാനവും സിൻഡിക്കേറ്റ് മെമ്പർസ്ഥാനവും അദ്ദേഹം കരസ്ഥമാക്കി. ഈ അവസരത്തിൽ ഒരു കാര്യം എന്റെ സ്മൃതിപഥത്തിൽ എത്തുന്നു. വിശ്വവിഖ്യാത വിദ്യാഭ്യാസപ്രവർത്തകനായ ഫാദർ കാർട്ടി അവർകൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju]

ഞങ്ങളിൽ ചിലരോടായി ചെയ്ത അഭിമുഖസംഭാഷണമധ്യേ പ്രസ്താവിച്ചത് ഈ സഭയുടെ അറിവിനായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ''പലായധ്വം പലായധ്വം രേരേ ദുഷ്ടവികത്തരഃ'' എന്നട്ടഹസിച്ചുകൊണ്ട് കേരളത്തിൽ വന്ന ഉള്ളൂർശാസ്ത്രികളെപ്പോലെ ഭാരതത്തിൽ യഥാർത്ഥ വിദ്യാഭ്യാസപ്രവർത്തകന്മാരായി ആരുമില്ലെന്നുള്ള അഹങ്കാരത്തോടുകൂടിയാണ് ഫാദർ കാർട്ടി ഭാരതത്തിൽ കാലുകുത്തിയത്. ഫാദർ കാർട്ടി ഭാരതത്തിൽ വന്നു അധികം കഴിയുന്നതിനുമുൻപുതന്നെ അദ്ദേഹത്തെ മദ്രാസ് സർവ്വകലാശാലയിലെ സെനറേറ്റ് മെംബറായി തിരഞ്ഞെടുത്തു. ഊർജസ്വലനായ ഒരു വിദ്യാഭ്യാസപ്രവർത്തകൻ മി. സി. പി. രാമസ്വാമി അയ്യർ സെനറിലുണ്ടെന്നും അദ്ദേഹത്തിന്റെ കീഴ്ക്കൊള്ളാതെ രക്ഷിച്ചുകൊള്ളണമെന്നും പല സ്നേഹിതന്മാരും അദ്ദേഹത്തെ ഉപദേശിച്ചു. പുച്ഛപ്രധാനമായ ഒരു മന്ദസ്മിതത്തോടുകൂടിയാണ് ഇവയെല്ലാം ഫാദർ കാർട്ടി ശ്രവിച്ചത്. ഫാദർ കാർട്ടി അത്യുത്സാഹത്തോടുകൂടി സെനറേറ്റ് യോഗത്തിൽ പ്രവേശിച്ചു. പല സ്നേഹിതന്മാരിൽ നിന്നും കേട്ടിരുന്ന സർ. സി. പി. യെ ഒന്നു കാണുന്നതിനായി അദ്ദേഹം സദസ്യരെ ആകമാനം ഒന്നു അവലോകനം ചെയ്തു. അക്കൂട്ടത്തിൽ ഉയർന്ന നാസികയോടും സെർച്ച്‌ലൈറ്റുപോലെയുള്ള രണ്ടു കണ്ണുകളോടുംകൂടി ഊർജസ്വലനായ ഒരു യുവാവ് ഒരിടത്തു് അനുസന്ധാനായിരിക്കുന്നതായി അദ്ദേഹം ദർശിച്ചു. അതുതന്നെയായിരിക്കണം മി. സി. പി. രാമസ്വാമിഅയ്യർ എന്നു അദ്ദേഹം നിശ്ചയിച്ചു. അടുത്തിരുന്ന ഒരാളോട് അതുതന്നെ സർ സി. പി. രാമസ്വാമി അയ്യർ എന്നു ചോദിച്ചപ്പോൾ അതേ! എന്നു അദ്ദേഹം ഉത്തരം നൽകി. അന്ന് ഒരു പ്രശ്നത്തെക്കുറിച്ചു് ഉണ്ടായ വാദപ്രതിവാദത്തിൽ മി. സി. പി. രാമസ്വാമിഅയ്യരും ഫാദർ കാർട്ടിയും വിളിന്നകക്ഷികളായിത്തീർന്നു. പലരും പറഞ്ഞതുപോലെ ഫാദർ കാർട്ടി കിഴക്കു പിടിച്ചു. ഒടുവിൽ സി. പി. യുടെ ഭാഗം വിജയീഭവിച്ചു.

PRESIDENT: The honourable member is in 1919. There are 23 years more.

MR. PADIYARA JOSEPH KUNJU: വിദ്യാഭ്യാസപ്രവർത്തനത്തിൽ ഇരുപതോളം പ്രാവീണ്യമുള്ള ഒരാൾ അഭിഭാഷകവൃത്തി സ്വീകരിച്ചതിൽ അദ്ദേഹം ഖേദിക്കുന്നതായി പ്രസ്താവിച്ചു. അഭിഭാഷകവൃത്തിയിലും അദ്ദേഹത്തിന് ഒരു അഗ്രിമസ്ഥാനമുണ്ടല്ലോ എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ ഇതിൽ എത്രയോ ഉന്നതമായ ഒരു സ്ഥാനം വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുമായിരുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. സുപ്രസിദ്ധമായ രാമമൂർത്തികേസ്സിൽ മിസ്സസ് അനിബസന്റിനെതിരായി ഇദ്ദേഹം വക്കാലത്തു് പിടിച്ചപ്പോൾ ഈ മഹാന്റെ പ്രതിഭാവിലാസവും വാഗ്വിലാസവും മിസ്സസ് ബസന്റ് മനസ്സിലാക്കി. ഇദ്ദേഹത്തെ അമഹതിയുടെ ഒരു സഹപ്രവർത്തകനായി എടുത്തു. അനന്തരം തിയാസഫിക്കൽ സൊസൈറ്റിയുടെ ജീവനാഡിയായും ഹോംറൂൾ ലീഗിന്റെ ജീവനം നട്ടെല്ലുമായും ഇദ്ദേഹം പ്രശോഭിച്ചു. ഭാരതത്തിന്റെ ഒരു അരുമസന്താനമായ ഇദ്ദേഹം ഭാരതമഹാജനസഭയുടെ പ്രസിഡന്റി എന്ന നിലയിൽ ചെയ്തിട്ടുള്ള പ്രശസ്ത സേവനങ്ങൾ പ്രകീർത്തനങ്ങളാണ്. ഇൻഡ്യൻ ഭരണപരിഷ്കാരത്തെപ്പറ്റി തെളിവെടുക്കുന്നതിനായി വന്ന മി. മാണ്ടേഗ്രുവിനേയും ക്യൂട്ടരേയും തന്റെ അനിതരസാധാരണമായ വാഗ്വിലാസത്താലും പ്രതിഭാവിലാസത്താലും ഇദ്ദേഹം കൃതകൃതനാക്കി ചെയ്തു. മി. മൊണ്ടേഗ്രു ഭാരതത്തിലെ എല്ലാ മഹാന്മാരേയും സന്ദർശിച്ചു. എങ്കിലും സർ. സി. പി. യെപ്പറ്റി മാത്രമേ അദ്ദേഹത്തിനു യഥാർത്ഥമായ ബഹുമാനവും മതിപ്പും ഉണ്ടായിരുന്നുള്ളൂ, എന്നു അദ്ദേഹത്തിന്റെ ഇൻഡ്യൻ ഡയറി വായിക്കുകയാണെങ്കിൽ അറിയാം മനസ്സിലാക്കാവുന്നതാണു. ഈ മഹാനെപ്പറ്റി അദ്ദേഹത്തിന്റെ ഇൻഡ്യൻ ഡയറിയിൽ മി. മൊണ്ടേഗ്രു പ്രസ്താവിക്കുന്നതു് ഇപ്രകാരമാണ്.

"After lunch we heard Ramaswami Aiyar. He is one of the cleverest men I have ever found in my life. He would do brilliantly even at the English Bar. He is very very able. He tied us completely into knots"

ഇതിൽനിന്നും ബ്രിട്ടീഷ്രാജ്യഭരണതന്ത്രജ്ഞന്മാർക്ക് അദ്ദേഹത്തെപ്പറ്റിയുള്ള മതിപ്പു് എത്രത്തോളമുണ്ടെന്നു് മനസ്സിലാക്കാവുന്നതാണ്. തൽഫലമായി മദ്രാസ് ഹൈക്കോടതിയിലെ ഒരു ജഡ്ജിസ്ഥാനം ഇദ്ദേഹത്തിനു വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ I Wish to speck non sense Matter than to hear it always എന്നു പറഞ്ഞു് അതു് ഉപേക്ഷിക്കുകയാണുണ്ടായതു്. അനന്തരം മദ്രാസ് ഗവണ്മെന്റ് ലാമെംബറായും ഗവണ്മെന്റിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ മെംബറായും ഇദ്ദേഹം പ്രശോഭിച്ചിരുന്ന വസ്തുത സുവിദിതമാണല്ലോ. അൽപ്പബുദ്ധികളായ പലരുടെയും നിശിതമായ വിമർശനങ്ങളും കഠിനമായ എതിർപ്പുകളും ഉണ്ടായിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ പെക്കാറാ പദ്ധതിയും മേട്ടൂർ പ്രോജക്ടും നടപ്പിൽ വരുത്തിയതിന്റെ ഫലം ഇന്നും മദ്രാസ് പ്രവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju]

ശ്രയിലെ ജനങ്ങൾ അനുഭവിച്ചുവരുന്നുണ്ട്. തൻമൂലം ഫലഭ്രയിഷ്ടമാക്കപ്പെട്ട അനേകായിരം ചതുരശ്രമൈലിൽ ഓരോ ഏക്കറിലും സർ. സി. പി. രാമസ്വാമിഅയ്യരുടെ ഓരോ പ്രതിമ വച്ചാൽ പോലും അതു അധികമായിപ്പോകുകയില്ലെന്നാണ് ഒരു മഹാൻ ഒരിക്കൽ പ്രസ്താവിച്ചത്. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൌൺസിൽ മെംബർ എന്ന നിലയിൽ ഇദ്ദേഹം ഭാരതത്തെ പ്രശസ്തമായി സേവിച്ചു. ഈ സേവനങ്ങളുടെയെല്ലാം ഫലമായി ചക്രവർത്തി തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന് കെ. സി. എസ്. ഐ. കെ സി. ഐ. ഇ. എന്നീ ഉന്നതബഹുമതികൾ പ്രദാനം ചെയ്തു. തിരുവിതാംകൂറിന്റെ ഭാഗ്യാതിരേകംകൊണ്ട്, ശ്രീപത്മനാഭന്റെ അനുഗ്രഹംകൊണ്ട് മഹാരാജാവു് തിരുമനസ്സിലെ ദീർഘദൃഷ്ടികൊണ്ട് ഇദ്ദേഹത്തിന്റെ സേവനം ലഭിക്കുന്നതിനു തിരുവിതാംകൂറിനു ഭാഗ്യം സിദ്ധിച്ചു. രണ്ടു നൂറ്റാണ്ടുകാലം കൊണ്ട് സമർത്ഥനായ ഒരു രാജ്യഭരണതന്ത്രജ്ഞനു് ചെയ്യുവാൻ കഴിയാത്ത അഭിവൃദ്ധികളും പരിഷ്കാരങ്ങളും ഈ ചുരുങ്ങിയ ആറുകൊല്ലംകൊണ്ട് അദ്ദേഹം തിരുവിതാംകൂറിൽ കൈവരുത്തി. തിരുവിതാംകൂർ റബ്ബർഫാക്ടറി, തക്കല പഞ്ചസാരമിൽ, പുനലൂർ കടലാസുനിർമ്മാണശാല എന്നിവയുടെ പുനരുദ്ധാരണം, സ്റ്റേറ്റ് ട്രാൻസ്പോർട്ട് പദ്ധതി, കണ്ടാ കളിമൺഫാക്ടറി, പ്ലൈവുഡ് പദ്ധതി, ആലുവാ അലുമിനിയം ഫാക്ടറി, ടങ്ക്സ്റ്റൻ പദ്ധതി എന്നിവയുടെ പ്രവർത്തനം മുതലായവ ഈ മഹാന്റെ പല പരിഷ്കാരങ്ങളിൽ ചിലതു് മാത്രമാണ്. ക്ഷേത്രപ്രവേശനവിളംബരംമൂലം അയിത്തപിശാചിനെ തിരുവിതാംകൂറിൽനിന്നും ആട്ടി ഓടിച്ചു്, മഹാബലിചക്രവർത്തിയുടെ കാലത്തെപ്പോലെ മാനുഷരേയെല്ലാം ഒന്നുപോലെയായി തിരുവിതാംകൂറിനു് വിശ്വവിഖ്യാതിയുണ്ടാക്കിയതും, കാർഷികാഭ്യാസ അക്കട നടപ്പിൽ വരുത്തി കഠോരന്മാരായ ഉത്തമർണ്ണന്മാരുടെ കരാളദംഷ്ട്രങ്ങളിൽനിന്നും അധമർണ്ണന്മാരായ കർഷകവൃന്ദത്തെ രക്ഷിച്ചതും ഞങ്ങൾ കൃതജ്ഞതയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു. അനേകകാലമായി തിരുവിതാംകൂറിൽ വർഗ്ഗീയകലഹത്തിനു് ബീജാവാപം ചെയ്തുകൊണ്ടിരുന്ന ഉദ്യോഗവഴക്കുകളെ ഇല്ലാതെയാക്കി നാനാജാതിമതസ്ഥർക്കും പബ്ലിക്ക് സർവീസിൽ അവരവർ അർഹിക്കുന്ന സ്ഥാനം ലഭിക്കത്തക്ക ഒരു വ്യവസ്ഥ ചെയ്തതും ഇദ്ദേഹമാണ്. ബ്രിട്ടീഷ് പാർലമെന്റിന്റെ മാതൃകയിൽ വിസ്തൃതങ്ങളായ അധികാരാവകാശ സ്വാതന്ത്ര്യങ്ങളോടുകൂടി ഒരു ലെജിസ്ലേറ്റീവ് കൌൺസിൽ ഇവിടെ എസ്റ്റാബ്ലിഷ് ചെയ്തതും അങ്ങുതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയുടെ തെക്കുപടിഞ്ഞാറെ കോണിൽ സ്ഥിതിചെയ്യുന്ന ഈ ചെറു രാജ്യത്തു കേരളീയസംസ്കാരത്തെ നിലനിറുത്തുന്നതിനുവേണ്ടി മറ്റു പല മഹാന്മാരും ഭയപ്പെട്ടിരുന്ന സർവ്വകലാശാല സ്ഥാപനം നടപ്പിൽ വരുത്തിയതും ഇദ്ദേഹമാണു. സർ. പി. രാജഗോപാലാചാരി മുതലുള്ള ദിവാൻജിമാരോടു അടുത്തു പെരുമാറുന്നതിനുള്ള ഭാഗധേയം എനിക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ ഇങ്ങനെ വിനയമസൃണമായി പെരുമാറുന്ന മറെറാരു ദിവാൻജിയെ ഞാൻ കണ്ടിട്ടില്ലാ എന്നു ഒട്ടും അതിശയോക്തി സ്പർശം കൂടാതെ പറയാം. വിശ്രമം എന്നുള്ളതു എന്തെന്നറിഞ്ഞിട്ടില്ലാത്ത ഒരു മഹാനാണു് ഇദ്ദേഹം. നാനാവിഷയങ്ങളിലും ഇദ്ദേഹത്തിനുള്ള പാണ്ഡിത്യം ഇദ്ദേഹത്തെ സർവ്വജ്ഞപീഠത്തിൽ സ്ഥിതിചെയ്യിക്കുന്നതിനു പര്യാപ്തമാണു. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും പുരാണങ്ങളും ഇദ്ദേഹത്തിനു വിരൽത്തുമ്പിലിരിക്കുന്നവയാണു്. ശ്രീശങ്കരാചാര്യരെപ്പോലെയോ ശ്രീരാമകൃഷ്ണപരമഹംസനെപ്പോലെയോ വിവേകാനന്ദസ്വാമികളെപ്പോലെയോ ഇദ്ദേഹത്തിനു ഈ വിഷയത്തെപ്പററി പ്രതിപാദിക്കാൻ സാധിക്കും. ഇസ്ലാമികമതഗ്രന്ഥങ്ങളെപ്പററി ഇസ്ലാംമതപുരോഹിതന്മാരേയും അതിശയിപ്പിക്കുമാറു വിശുദ്ധഖുറാനും മറു ഇസ്ലാമികമതഗ്രന്ഥങ്ങളും ഇദ്ദേഹം നിഷ്പ്രയാസം ഉദ്ധരിക്കും. ഇദ്ദേഹത്തിന്റെ ക്രൈസ്തവമതശാസ്ത്രപാടവത്തിനുള്ള മൂർദ്ധാഭിഷിക്തോദാഹരണമാണു ഇദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി മംഗളാവസരത്തിൽ പട്ടം ആർച്ച് ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽവച്ചു് സുറിയാനിക്രിസ്ത്യാനികളുടെ വകയായി ഇദ്ദേഹത്തിനു നൽകിയ ഉദ്യാനവിരുന്നിൽ ഇദ്ദേഹം ചെയ്ത പ്രസംഗം.

PRESIDENT: I have got only ten minutes to give to the members and I have to call adout 7 members to speak.

MR. PADIYARA JOSEPH KUNJU : I want only one minute more Sir.

PRESIDENT: Yes

വത്തിക്കാനിൽനിന്നും സാധാരണ മറുള്ളവരുടെ പ്രസംഗം ബ്രോഡ്കാസ്റ്റു ചെയ്യാറു പതിവില്ല. ലോകൈകസാമ്രാട്ടായ പാപ്പാരാജന്റെ അരമനയിൽ നിന്നും ആറു ഭാഷകളിലാണു് പട്ടം ഉദ്യാനവിരുന്നിൽ ഒരു ഹിന്ദുവായ സർ. സി. പി. രാമസ്വാമിഅയ്യർ ചെയ്ത പ്രസംഗം ബ്രാഡ്കാസ്റ്റു ചെയ്തതു്. ഇതിൽനിന്നും ആ പ്രസംഗത്തെപ്പററി ക്രൈസ്തവലോകത്തിനുള്ള മതിപ്പു് എത്രത്തോളം ഉണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju]

മനസ്സിലാക്കാവുന്നതാണ്. ഇലക്ട്രിക്ക് പങ്കകളുടെ കീഴിൽ സച്ഛന്ദ വിഹാരം ചെയ്ത് ഭാംഭികന്മാരായി തങ്ങളുടെ കക്ഷിപൂരണംമാത്രം നടത്തി, പൊതുജനങ്ങളുടെ യജമാനന്മാരാണെന്നുള്ള നാട്യേന വിഹരിച്ചിരുന്ന ഇവിടത്തെ ഉദ്യോഗസ്ഥവൃന്ദത്തിനു മാതൃകമൂലവും ഉപദേശം മൂലവും അവർ പൊതുജനദാസന്മാരാണെന്നുള്ള ബോദ്ധ്യം വരുത്തിക്കൊടുത്തതും ഇദ്ദേഹം തന്നെയാണ്. ഫർഫർ മുതൽ ആരംഭിച്ച മഹായുദ്ധകാലത്തു ബങ്കാളം ഉൾക്കടലും ഇൻഡ്യൻ മഹാസമുദ്രവും അറബിക്കടലും ബ്രിട്ടന്റെ കൈവശമിരുന്ന കാലത്തു് ഒരു എംഡനോ മറ്റോ വന്നു എന്ന കാരണത്തിന്മേൽ നെല്ലിനു പറ ഒന്നിക്ക് 2 രൂപയോളം വില വന്നെങ്കിലും റംഗൂൺ, അകാബ്, സയാം മുതലായ സ്ഥലങ്ങൾ ഇപ്പോൾ നഷ്ടപ്പെട്ടിട്ടും ഇന്നും പറയത്തക്ക വിലക്കൂടുതൽ നെല്ലിനും അരിക്കും ഉണ്ടാകാതിരിക്കുന്നതും ഇവിടെയുള്ള റബ്ബർ, തേയില, കുരുമുളക്, നാളികേരം മുതലായ ഉല്പന്നങ്ങൾക്കു നല്ല വില കിട്ടിക്കൊണ്ടിരിക്കുന്നതും രാജ്യവാസികൾ കഷ്ടതയിലകപ്പെടാതെ ജീവിക്കുന്നതും ഈ മഹാത്മാവിന്റെ കർമ്മകുശലതയും ദീർഘദൃഷ്ടിയുംകൊണ്ടുമാത്രമാണ്. ഇൻഡ്യയുടെ ഭാവിയിലാണ് തിരുവിതാംകൂറിന്റെ ഭാവിഭാഗധേയം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തൽക്കാലത്തേക്കെങ്കിലുമുള്ള താങ്കളുടെ വിരഹം ഞങ്ങൾക്കു ദുസ്സഹമാണെങ്കിലും, തിരുവിതാംകൂർ രാജ്യത്തിനു നഷ്ടകരമാണെങ്കിലും, ഇൻഡ്യയുടെ പൊതു സംരക്ഷണത്തിനു വേണ്ടി താങ്കളുടെ സേവനം വൈസ്രായി അവർകൾ ആവശ്യപ്പെട്ടിരിക്കുന്നതു് ഞങ്ങൾക്കു അഭിമാനത്തേയും സന്തോഷത്തേയും പ്രദാനം ചെയ്യുന്നു. ഈ സ്ഥാനലബ്ധിയിൽ ഞങ്ങൾ സന്തോഷിക്കുകയും അങ്ങയെ ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്തുകൊണ്ട് ഞങ്ങളുടെ തൽക്കാല നഷ്ടത്തിൽ വിലപിച്ചുകൊണ്ട് ബാഷ്പഗണങ്ങളോടുകൂടി ഞാത്തുരാണപരായണാവിബുധർ സ്തോത്രോപഗീതങ്ങളാൽ കീർത്തിക്കപ്പെടുവോനെ, ചിദാത്മനി രമിച്ചീടുന്ന സൽപ്പുരുഷാ, സഞ്ചാരോദ്യൽദ്ധമതീ, വഞ്ചിമാതാവിന്റെ ഭക്തപുത്രാ, ഭാരതത്തിന്റെ അരുമസന്താനമെ, അങ്ങ് അങ്ങയെ ഏൽപ്പിച്ചിരിക്കുന്ന ജോലി വിജയകരമായി നിർവ്വഹിച്ചുകൊണ്ട് വിജയശ്രീപരിലാളിതനായി ഉടനെ തന്നെ ഞങ്ങളുടെ ഇടയിലേക്കു തിരിച്ചുവരുമെന്ന ഞങ്ങൾക്കു വിശ്വാസമുള്ളതിനാൽ അങ്ങയോടു ഞങ്ങൾ ഈ അവസരത്തിൽ യാത്ര പറയുകയല്ലാ അങ്ങക്ക് വീണ്ടും സ്വാഗതം അരുളുകയാണു ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

SRIMATHI DEVAKI ANTHARJANAM (*Nominated*): ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. പ്രജാക്ഷേമതല്പരനായ മഹാരാജാവു തിരുമനസ്സിനെ ഭക്തിപൂർവ്വം സേവിക്കുന്ന അങ്ങയെപ്പറ്റി ഈ അവസരത്തിൽ സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അവശതയനുഭവിക്കുന്ന സമുദായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി അങ്ങ് ചെയ്തുകൊണ്ടിരിക്കുന്ന ഓരോ ശ്രമങ്ങളും ഞങ്ങൾ അനുസ്മരിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഞാൻ ഉൾപ്പെട്ട നംപൂതിരിസമുദായത്തെത്തന്നെ നോക്കിയാൽ ഞങ്ങളുടെ സമുദായത്തിലെ പുരുഷന്മാർക്ക് വിദ്യാഭ്യാസമുണ്ടെങ്കിലും സ്ത്രീകൾ കൂട്ടം കൂടുകയുമില്ലാതെ ചില സ്ഥലങ്ങളിൽ വെളിയിൽ പോലും ഇറങ്ങാതിരുന്നിരുന്നു. ആ പതിവു് ഇപ്പോഴും നിശ്ശേഷം നശിച്ചിരിക്കുന്നു എന്നുതന്നെ പറയാം.

ഇവിടെ ചിലരോ മെംബറന്മാരും അങ്ങയുടെ യോഗ്യതകളെപ്പറ്റി പരാമർശിക്കുകയുണ്ടായി. അതിൽ കൂടുതലായി എനിക്ക് പറയണമെന്നുണ്ടെങ്കിലും ഇപ്പോൾ അതൊന്നും പറയണമെന്നുദ്ദേശിക്കുന്നില്ല. ഇവിടെ ക്ഷേത്രപ്രവേശനവിളംബരം മുതലായ കാര്യങ്ങളെപ്പറ്റി പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ അയിത്തപ്പിശാചിനെ ഇവിടെനിന്നും ആട്ടിയോടിച്ചു് എല്ലാ മനുഷ്യരും ഒത്തൊരുമിച്ചു് മനുഷ്യരായിത്തന്നെ ജീവിക്കണമെന്നുള്ള സംഗതിയിൽ അങ്ങു് താൽപ്പര്യം പ്രദർശിപ്പിച്ചതിൽ ഞാൻ കൂടുതൽ സന്തോഷിക്കുന്നു. അങ്ങു തൽക്കാലത്തേക്കു മാത്രമായിട്ടാണു ഈ തിരുവിതാംകൂറിനെ വിട്ടുപിരിയുന്നതെങ്കിലും ഇക്കാര്യം വളരെയധികം വേദനയോടുകൂടിയല്ലാതെ എന്റെ സമുദായത്തിനും ഈ സഭയ്ക്കും വിചാരിക്കുവാൻ നിവൃത്തിയില്ല. അങ്ങു തിരുവിതാംകൂർ ജനതയുടെ അഭിവൃദ്ധിക്കുവേണ്ടി കാർഷികമായും വ്യവസായപരമായും പല പദ്ധതികളും ചെയ്തിട്ടുള്ളതെല്ലാം വ്യക്തിപരമായിത്തന്നെ ഞാൻ അനുസ്മരിച്ചുകൊള്ളുന്നു. അങ്ങു് വൈസ്രായി അവർകളുടെ എക്സിക്യൂട്ടീവു് കൗൺസിലിൽ ഒരു മെംബറായി പോകുന്നതു പൊതുവേ തിരുവിതാംകൂറിനു അഭിമാനകരമാണെങ്കിലും തിരുവിതാംകൂറിനു് അതു് ഒരു വലിയ ത്യാഗം തന്നെയാണെന്നാണ് എന്റെ വിശ്വാസം. അങ്ങു് എവിടെയിരിക്കുകയാണെങ്കിലും മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ, തിരുവിതാംകൂറിനെ എപ്പോഴും ഓർമ്മിക്കും എന്നുള്ളതാണു ഞങ്ങൾക്കുള്ള വലിയ സന്തോഷം. അങ്ങു ചെയ്തിട്ടുള്ള ഓരോ കാര്യങ്ങളും സ്മരിച്ചുകൊണ്ടു് വിശ്വവിശ്രുതനായ അങ്ങു് വിജയശ്രീലാളിതനായി തിരിച്ചുവരുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Mr. P. S. Mahomed I will give you about two or three minutes only.

MR. P. S. MAHOMED: (*Quilon* cum *Kottarakara*) സർ, ഈ ഉപക്ഷേപത്തെ മുൻനിറുത്തി രണ്ടു വാക്കു മാത്രമെ പറയുവാൻ എനിക്കു സമയം അനുവദിച്ചിട്ടുള്ളൂ. അതുകൊണ്ടു അങ്ങയുടെ ഗുണഗണങ്ങളെക്കുറിച്ചോ അങ്ങയുടേ ജീവചരിത്രത്തെക്കുറിച്ചോ അങ്ങു ചെയ്തിട്ടുള്ള മഹൽകൃത്യങ്ങളെക്കുറിച്ചോ എന്റെ മുൻഗാമികളായ പ്രാസംഗികന്മാർ പറഞ്ഞിട്ടുള്ളതിനെ ആവർത്തിക്കുന്നതിനു ഞാൻ ഒരുമ്പെടുന്നില്ല. എനിക്കു ഒരു സംഗതിമാത്രമാണു പ്രധാനമായി ഇവിടെ പ്രസ്താവിക്കുവാനുള്ളതു്. തിരുവിതാംകൂറുകാരായ ഞങ്ങൾക്കു അങ്ങയുടെ സാന്നിദ്ധ്യകാലത്തേക്കു മാത്രമുള്ള ഈ വിയോഗം തീർച്ചയായിട്ടും ഒരു വലിയ നഷ്ടമാണെന്നു വിചാരിക്കുന്ന കൂട്ടരിൽ ഒരുവനാണു ഞാൻ. ആ നഷ്ടം വളരെ വേഗത്തിൽ പരിഹരിക്കത്തക്ക വിധത്തിൽ എത്രത്തോളം കാലം കുറയ്ക്കാമോ അത്രത്തോളം കുറച്ചു ഞങ്ങളെ സന്തോഷിപ്പിക്കത്തക്ക നിലയിൽ അങ്ങു തിരിച്ചുവന്നുകാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങു പോകുന്നതു ഇൻഡ്യയിലെ വിഭിന്നതാൽപ്പര്യങ്ങളെ ഒന്നിച്ചുചേർത്തു യോജിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലേക്കാണെന്നു എനിക്കറിയാം. ഈ യോജിപ്പിനു ഏറ്റവും പ്രതിബന്ധമായി നിൽക്കുന്നതു് ഞാനുൾപ്പെട്ട മുസ്ലീം സമുദായവും ബഹുഭൂരിപക്ഷസമുദായമായ ഹിന്ദുസമുദായവും തമ്മിലുള്ള ഭിന്നിപ്പാണു്. ഈ രണ്ടു കൂട്ടരുടേയും വിശ്വാസം കരസ്ഥമാക്കുന്നതിനു് അങ്ങേക്കു സാധിക്കുമെന്നു എനിക്കറിയാം. അതിനു ഒരു ഉദാഹരണം പറയാം. ഈ തിരുവിതാംകൂറിൽത്തന്നെ പ്രത്യേക നിയോജകമണ്ഡലംകൊണ്ടു മാത്രമെ തൃപ്തിപ്പെട്ടുകയുള്ളുവെന്നു പറഞ്ഞുകൊണ്ടിരുന്ന പി. എസ്. മഹമ്മദും കൂട്ടരും അടങ്ങിയ മുസ്ലീങ്ങളുടെ കാര്യംതന്നെ നോക്കുക. അവർ ആഗ്രഹിച്ചതു അതേപ്രകാരംതന്നെ സാധിച്ചില്ലെങ്കിലും ഏതാണ്ടു ആ താൽപ്പര്യങ്ങൾക്കു ഹാനിവരാത്ത വ്യവസ്ഥകളോടുകൂടി എല്ലാവർക്കും ഇഷ്ടമായ ഒരു നില ഇവിടെ വരുത്താൻ അങ്ങേക്കു കഴിഞ്ഞു. ഇവിടത്തെ മുസ്ലീങ്ങളുടെ വിശ്വാസം അങ്ങയിൽ അർപ്പിക്കുവാൻ അവർക്കു എങ്ങിനെ സാധിച്ചുവോ അതുപോലെ ഇൻഡ്യയിൽ ഈ വിഷമവൃത്തത്തിൽ അവിടെയുള്ള മുസ്ലീങ്ങളുടെ വിശ്വാസം കരസ്ഥമാക്കാൻ അങ്ങേയ്ക്കു് സാധിക്കുകതന്നെ ചെയ്യും. അതിലേക്കു ഇടവരുത്തട്ടേയെന്നു പ്രാർത്ഥിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

SRY. T. NARAYANI AMMA (*Nominated*) : Sir, I have great pleasure in supporting the motion before the House. It is with mixed feelings that we view the high distinction that has been conferred on our distinguished Dewan while we feel exceedingly glad that your valuable services have been requisitioned in the wider field of world affairs, namely, for a membership in the Viceroy's Executive Council, to fill what all shrewd and unbiassed observers will acclaim as the most important port folio of the Government, next only to that of the Viceroy. While we are exceedingly glad of this, we feel sorely pained at the fact that your far sighted statesmanship and inspiring presence will not be available here at the helm of affairs in the State for some time. Short, though the period would be it is of considerable importance since, we cannot afford to miss your masterly guidance even for a single day.

In this connection may I gratefully point out that, while the repercussions of the devastating world war are being felt everywhere else in a manner, of which only faint rublings are heard in this State when, even for bare necessities there seems to be so much struggle brought about by the wrong doings of merchants and the rations arrangements of the authorities, while the equanimity of every citizen is being affected by fears of pillage riots and so forth, while these are the experiences elsewhere, we in this State are able to carry on our avocations without the faintest disturbing ripple in the life of the people. And who can forget the fact that for this sense of peace and security in this State the country owes a deep debt of gratitude to the master pilot, whose eyes and ears are everywhere and who is ever watchful of the best interests of the State.

Sir, while we offer our heartfelt congratulations to you it is our earnest prayer that, you be enabled speedily to return to Travancore to resume the great and good work which you have undertaken with a greater sense of patriotism than even the most patriotic of Travancoreans, to promote the interests of the State and the progress of the State, a State which has the good fortune of being ruled by a young and enlightened Maharaja with one of the most cultured of mothers to inspire and advise His Highness.

PRESIDENT : Great as is my desire to give the fullest possible opportunity to the honourable members to express themselves., I wish that my good friends Messrs. N. Ramakrishna Pillai, E. E. Pandarathil. Narayana Pillai and T. P. Velayudhan Pillai will forgive me if, on account of the exigencies of time, I would request them to waive their right to speak on this occasion. I am not also calling on other members who have given intimation of their desire to speak. For many reasons it is as well that we should curtail discussion on this matter to the smallest limit and I shall now put the proposition that has been moved and seconded, to the vote.

[The motion was carried *ne : con.*]

LIBRARY ARCHIVES Kerala Legislative Assembly

[Sry. Narayani Amma.]

Fellow-members of the Legislature, I am deeply moved though I am not often moved on any such occasion. I am touched by the words that have fallen from every section of the House, from members of all communities that inhabit this great State. It is not a small thing that after serving this State according to the best of my lights for six years I should receive such testimony, testimony which I make bold to say is deserved as much to the members of the honourable House as to its titular leader. On this occasion, after having listened to what has fallen from my friends it would be wrong on my part if I do not remind myself and remind my fellow members of what is due to our Sovereign, under whose shelter and with whose support alone it was possible for me to do these things which have been so well, nay too well spoken of. But for his farsightedness, but for his unwearied support and sympathy little could have been done by me. Equally though not to the same extent is it my duty as it is my privilege to acknowledge my debt of gratitude to the people of the State, Hindus, Christians, Moslems and Europeans. Differences there have been amongst us. But I deprecate the use of an expression which was adopted by one honourable speaker 'inimical feelings'. I wish to say here and now, not only for the present occasion but for all future occasions, that it is neither my policy nor my disposition to bear any inimical feeling to those who animated by political ideals that differ from mine, actuated by motives not less praiseworthy than those which underlie our own actions have seen fit to attack, to criticise, to pursue different methods. It must be conceded that to them as to us there is only one goal. The glory of the State, the well being of the State, the fitting of the State for its great destinies, are our common purpose. In the pursuit of that ideal our paths may diverge. It may be that a harsh word might escape, it may be that unwise actions might be precipitated on the one side or the other; but there should be no talk of animosity. Hard hitting Yes; I believe in it. But when that is over let us shake hands. Let us not think of inimical feelings.

To this House especially and to the sister House I owe a great deal. They have helped me in all the projects that have been adverted to. They have helped me with their guidance. They have helped me with their advice. They have helped me with their warnings. They have helped with all those inquisitorial proceedings at question hour and during debates, which are of the essence of good governments. I must acknowledge my indebtedness to this honourable House and to the sister House.

Fellow-members, you have spoken in very kind words of the mission which has been temporarily taken upon by myself. As I said the other day, the mission came unsought, but the call was insistent; the demand was pressing; and he would be a coward, he would be craven hearted, who did not contribute at this juncture his mite towards the solution of a question without whose resolving the happiness of India would be really and grimly at stake. His Highness spared my services and His Excellency the Viceroy has given me a definite work to do. The portfolio to which reference has been made was definitely

LIBRARY ARCHIVES Kerala Legislative Assembly

accepted by me. I have had some experience of routine work in various Secretariats. But today I do not think that such work as I can do is on the lines of routine. I have charged myself with the duty, a very difficult, a supreme duty, of reconciling differences, of trying to appraise my colleagues and the Government of what I consider should be done about the working of various departments of pointing out where the shoe pinches and how that pinch may be eased. It sounds very conceited to emphasise the importance of harmony after all that is happening round us. But as you know, Rama's bridge was built not only by the great rocks that were brought in by the giants. It was built to no small extent by the contributions of the little squirrels and birds who brought pellets of stone and cast them in the hope that each little endeavour will help to construct that bridge between continent and and continent. Such a paychological bridge has to be constructed for the good of India and for the good of the whole world. It is in the wake of the Ramayana squirrel that I venture upon my task. In the fulfilment of that task, I need all the good will of my friends; I need all the sympathy and support that can be given to me. The sooner I do that work or find I cannot do it and failure is the result, I shall come back to work amongst you. So long as active life and work is given unto me, the work in Travancore is the first charge on my energies. With these words I ask of you all the moral support, all the psychological help and assistance without which such a task can hardly be essayed, and certainly not performed with success. The passing of this unanimous resolution is an event which affects me deeply and I regard it as a sign and a symbol of support, as well as of forgiveness where I have gone wrong, of continued promise of support for the future.

The House reassembled at 2-30 P. M. with the Dewan-President in the Chair.

STATEMENT LAID ON THE TABLE.

MR. A. LEKSHMINARAYANA AYYAR: Sir under Rule 76 of the Travancore Legislative Rules, I beg to lay on the table the following statement of expenditure authorised by the Government under Section 32 of Act II of 1103.

Demand.	Amount in Rupees.	Particulars.
IV. 6—Forest	3,00,000	To meet the additional expenditure under Conservancy and Works.
VII. 36—Buildings, Communications etc.	500	For providing an iron barred door to to the Cellar Room in the Chief Engineer's Office.

LIBRARY ARCHIVES Kerala Legislative Assembly